| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | എം.എസ്.സി.എൽ.പി.സ്കൂൾ ഇടമുളയ്ക്കൽ |
| സ്കൂൾ കോഡ് | : | 40330 |
| എ.ഇ.ഒ | : | അഞ്ചൽ |
| ബി.ആർ.സി | : | അഞ്ചൽ |
| സി.ആർ.സി | : | ഇടമുളയ്ക്കൽ |

# സമഗ്ര ഗുണമേന്മയിലൂന്നിയ വിദ്യാഭ്യാസം

'അക്കാദമിക മികവിലൂടെ വിദ്യാലയ മികവ്' എന്ന കാഴ്ചപ്പാടിലൂടെ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഈ വിദ്യാലയവും അക്കാദമികവും ഭൗതികവുമായ മികവുകൾ കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തന പദ്ധതികൾ ആവിഷ്കരിച്ചു കൊണ്ടിരിക്കുകയാണ്. ആദ്യപടി യായി ഒരു സ്കൂൾതല അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയുണ്ടായി.

വസ്തുനിഷ്ഠമായ വിശകലനത്തിലൂടെയും സാഹചര്യങ്ങൾക്കനുസൃതമായ മികവുകൾ ലക്ഷ്യം വച്ചുകൊണ്ടുള്ള അക്കാദമിക പ്രവത്തനങ്ങൾ രൂപപ്പെടു ത്തുവാൻ ഈ മാസ്റ്റർ പ്ലാനിലൂടെ ശ്രമിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ യിലൂടെ വൈവിധ്യമാർന്ന പഠനാനുഭവങ്ങൾ ഒരുക്കിയും പൊതുജന പങ്കാ ളിത്തത്തോടുകൂടി ഭൗതീക സാഹചര്യങ്ങൾ വിപുലപ്പെടുത്തിയും ഒരു ഹൈടെക് വിദ്യാലയമാണ് ലക്ഷ്യമിടുന്നത്. 2030 ആകുമ്പോഴേക്കും പൂർണ മായും മികച്ച ഒരു വിദ്യാലമായി മാറണം.

ഈ പ്ലാൻ തയ്യാറാക്കുന്നതിന് സഹായിച്ച സ്കൂൾ മാനേജ്മെന്റ്, അധ്യാപകർ, രക്ഷാകർതൃ പ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരോടുള്ള നന്ദി ഈ അവസരത്തിൽ രേഖപ്പെടുത്തികൊണ്ട് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പൊതു സമക്ഷം സമർപ്പിക്കുന്നു.

സജി.ജി

ഹെഡ്മാസ്റ്റർ

# ഉള്ളടക്കം


| പേര് | പേജ് നമ്പർ |
|---|---|
| സ്കൂളിനെ സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ | 1 |
| പ്രഥമാധ്യാപകന്റെ കുറിപ്പ് | 2 |
| ഉള്ളടക്കം | 3 |
| ആമുഖം | 4 |
| വിദ്യാലയത്തിന്റെ ചരിത്രം | 5 |
| വിദ്യാലയത്തിന്റെ ഭൗതിക അന്തരീക്ഷം നിലവിലെ അവസ്ഥ | 6 |
| IT സാധ്യത നിലവിലുള്ള അവസ്ഥ | 7 |
| പൊതുലക്ഷ്യങ്ങൾ | 8 |
| കൈവരിച്ച അക്കാദമിക നേട്ടങ്ങൾ | 9 |
| വിദ്യാലയം മികവിന്റെ കേന്ദ്രം ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ, ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ | 10–11 |
| മികവിനായി ഏറ്റെടുത്ത മറ്റ് പ്രവർത്തനങ്ങൾ | 12–14 |
| അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം | 15–18 |
| ഇംഗ്ലീഷ് | 19–21 |
| പരിസര പഠനം | 22–24 |
| ഗണിതം | 25–28 |
| പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ, മോണിറ്ററിംഗ് രീതി | 29 |
| പരിമിതികൾ | 30 |

## ആമുഖം

93 വർഷത്തെ പഴക്കമുള്ള ഇടമുളയ്ക്കൽ എം.എസ്.സി.എൽ.പി.സ്കൂൾ പാലമുക്ക് ഗ്രാമത്തിന്റെ തിലകക്കുറിയായി നിലകൊള്ളുന്നു. നാടിനും നാട്ടുകാർക്കും ഈ സ്കൂൾ വളരെ പ്രിയപ്പെട്ട സ്ഥാപനമാണ്.

ഇടമുളയ്ക്കൽ, പാലമുക്ക് എം.എസ്.സി.എൽ.പി.സ്കൂളിൽ പ്രീ–പ്രൈമറി ഉൾപ്പെട്ട 113 കുട്ടികൾ പഠിക്കുന്നു. 7 അധ്യാപകർ ഉൾപ്പെടെ 10 ജീവനക്കാരുണ്ട്. സ്കൂൾ പ്രവർത്തനങ്ങൾ എല്ലാവരും ചേർന്ന് മെച്ചപ്പെട്ട രീതിയിൽ നടത്തുന്നു.

## വിദ്യാലയത്തിന്റെ ചരിത്രം

കഴിഞ്ഞ 93 വർഷമായി ഇടമുളയ്ക്കൽ പാലമുക്ക് പ്രദേശത്ത് വളരെ പ്രശംസനീയമായ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് ഈ വിദ്യാലയം. 1932 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. 1942 ൽ മലങ്കര കത്തോലിക്കാ സഭയ്ക്ക് (MSc Corporate Management)ന് നൽകുകയുണ്ടായി. ഈ പ്രദേശവാസികൾക്ക് വിദ്യാഭ്യാസപരമായി ഉയർച്ചയുണ്ടാവുക എന്ന ലക്ഷ്യത്തോടെയാണ് ഈ സ്കൂൾ ആരംഭിച്ചത്. ഇന്നത്തെ സമൂഹത്തിന്റെ സാമ്പത്തികവും വിദ്യാഭ്യാസപരവുമായ അവസ്ഥ മെച്ചപ്പെട്ടു കൊണ്ടിരിക്കുന്നു. സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ള കുട്ടികളും ഈ സ്കൂളിൽ പഠിക്കുന്നുണ്ട്.

വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും വിനിമയത്തിലും കാലോചിതമായ മാറ്റങ്ങൾ ആവശ്യമാണ്. പൊതു വിദ്യാലയത്തിൽ എത്തിച്ചേരുന്ന കുട്ടികൾക്ക് അവസര തുല്യത, പഠന പിന്നോക്കത്തിൽ നിന്ന് മുന്നോക്കത്തിൽ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ, സാമൂഹിക നീതി, സന്മാർഗിക മൂല്യങ്ങൾ എന്നിവ ഉൾച്ചേർന്നു കൊണ്ടുള്ള സമഗ്ര ഗുണമേൻമയുള്ള വിദ്യാഭ്യാസം ഉറപ്പാക്കാൻ നമുക്ക് കഴിയണം. നമ്മുടെ വിദ്യാലയം മികവിന്റെ കേന്ദ്രങ്ങളാകണം. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾച്ചേർന്നു കൊണ്ട് ഇടമുളയ്ക്കൽ പാലമുക്ക് എം.എസ്.സി സ്കൂളിലെ അധ്യാപകർ, പി.റ്റി.എ, മാതൃസമിതി, ജനപ്രതിനിധികൾ, പൂർവ്വ വിദ്യാർത്ഥികൾ, പൂർവ്വ അധ്യാപകർ എന്നിവരുടെ ആലോചനപ്രകാരം വരുന്ന 7 വർഷത്തിനുള്ളിൽ അക്കാദമികവും, അക്കാദമികേതരവും ഭൗതികവുമായ മാറ്റങ്ങൾ ആവിഷ്കരിച്ച് ഹൈ-ടെക് നിലവാരത്തിലാക്കുവാൻ ആഗ്രഹിക്കുന്നു.

വിദ്യാലയം മെച്ചപ്പെടണമെങ്കിൽ ഭൗതിക അന്തരീക്ഷവും അക്കാദമിക നിലവാരവും മെച്ചപ്പെടണം. ആകർഷകമായ ക്ലാസ്മുറിയും ഐ.ടി അധിഷ്ഠിത ബോധന സമ്പ്രദായം, വൃത്തിയുള്ളതും മനോഹരവുമായ സ്കൂൾ പരിസരവും വൃത്തിയുള്ള പാചകപ്പുര, ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യം എന്നിവ സ്കൂളിനെ ആകർഷകമാക്കും.

പൊതു വിദ്യാലയങ്ങളെ ഗവൺമെന്റ് എയ്ഡഡ് എന്ന വ്യത്യാസം കൂടാതെ എം.എൽ.എ, എം.പി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ നിന്നുള്ള സാമ്പത്തിക സഹായങ്ങൾ എയ്ഡഡ് വിദ്യാലയങ്ങളിൽ കൂടി കുറഞ്ഞ തോതിലെങ്കിലും കിട്ടിക്കൊണ്ടിരിക്കുന്നത് മികവായി അംഗീകരിക്കേണ്ടിയിരിക്കുന്നു. ഭരണകർത്താക്കളും ഭരണനിർവ്വഹകരും പൊതുസമൂഹവും

ഒരുമിച്ച് ചേർന്ന് സമഗ്ര ഗുണമേൻമയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന കാഴ്ചപ്പാടിന് അനുഗുണമായി വർത്തിക്കേണ്ടതുണ്ട്.

## വിദ്യാലയത്തിന്റെ ഭൗതിക അന്തരീക്ഷം നിലവിലുള്ള അവസ്ഥ

വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളിൽ കാലാനുസൃതമായ മാറ്റം ഉണ്ടാക്കുവാൻ ഒരു പരിധി വരെ സാധിച്ചിട്ടുണ്ട്. ചുറ്റുമതിലും ക്ലാസ്റൂം ഭിത്തികളും ചിത്രകലരാൽ മനോഹരമാക്കാനും സ്കൂൾ ആഡിറ്റോറിയം നിർമ്മിക്കുന്നതിനും ടോയ്ലറ്റുകൾ പുതുതായി നിർമ്മിക്കുന്നതിനും പാചകപ്പുര, പ്രീ-പ്രൈമറി എന്നിവയുടെ നവീകരണ പ്രവർത്തനങ്ങളും നടത്തുന്നതിനും സാധിച്ചിട്ടുണ്ട്. ആകർഷകമായ ക്ലാസ് ലൈബ്രറി സജ്ജീകരിച്ചിട്ടുണ്ട്. ആകർഷകമായ ക്ലാസ്മുറികൾ, അടുക്കള, ഡൈനിംഗ് ഹാൾ, സ്മാർട്ട് ക്ലാസ്റൂം, സ്കൂൾ വാഹനം എന്നിവ സ്കൂളിന് ആവശ്യമായുണ്ട്.

1 മുതൽ 4 വരെ ക്ലാസുകളിൽ 77 കുട്ടികളും പ്രീ-പ്രൈമറി വിഭാഗത്തിൽ 36 കുട്ടികളും പഠിക്കുന്നു. കൂടുതൽ കുട്ടികൾ ഇനിയും സ്കൂളിൽ ചേർന്ന് പഠിക്കണമെങ്കിൽ ഭൗതിക സൗകര്യങ്ങൾ, യാത്രാസൗകര്യം എന്നിവ മെച്ചപ്പെടണം.

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യം |
|---|---|---|
| അഡീഷണൽ ക്ലാസ്മുറി | 6 | 1 |
| ആൺകുട്ടികൾക്ക് ടോയ്ലറ്റ് | 3 | - |
| പെൺകുട്ടികൾക്ക് ടോയ്ലറ്റ് | 3 | - |
| പ്രധാന അധ്യാപകമുറി | താൽകാലിക മുറി | 1 മുറി ആവശ്യമുണ്ട് |
| ചുറ്റുമതിൽ | ചുറ്റുമതിലുണ്ട് | മുൻവശത്തെ മതിൽ നവീകരിക്കേണ്ടതുണ്ട് |
| കളിസ്ഥലം | പരിമിതം | സ്ഥലം ആവശ്യമുണ്ട് |
| റാമ്പ് & റെയിൽ | നിവവിലുണ്ട് | ആവശ്യമില്ല |
| അടുക്കള | പരിമിതമായ സൗകര്യമുള്ളത് നിലവിലുണ്ട് | ആവശ്യമുണ്ട് |
| കുടിവെള്ള സൗകര്യം | സൗകര്യമുണ്ട് | - |
| സ്കൂൾ വരാന്ത | ഇല്ല | ആവശ്യമുണ്ട് |

# ഐ.ടി സാധ്യത

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യം |
|---|---|---|
| കമ്പ്യൂട്ടർ | | 2 |
| ലാപ്ടോപ്പ് | 3 | 4 |
| പ്രൊജക്ടർ | 2 | – |
| എൽ.സി.ഡി | ഇല്ല | 1 |
| റേഡിയോ | ഇല്ല | 1 |
| ടെലിവിഷൻ | ഇല്ല | 1 |
| വിക്ടറി ചാനൽ സാധ്യത | ഇല്ല | ആവശ്യമുണ്ട് |
| ഇന്റർനെറ്റ് കണക്ഷൻ | ഉണ്ട് | |
| സ്മാർട്ട് ക്ലാസ്മുറി | ഇല്ല | ആവശ്യമുണ്ട് |

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട ശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തും.
- ഓരോ ഘട്ടവും പൂർത്തിയാക്കുമ്പോഴും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കളടക്കമുള്ള സമൂഹത്തെ അറിയിക്കാം. പഠനപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ട് സമൂഹമാധ്യമങ്ങളിലൂടെ സ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളും പൊതുസമൂഹത്തിന്റെ മുന്നിൽ എത്തിക്കുന്നു.
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്, മലയാളം എഴുതുവാനും വായിക്കുവാനുമുള്ള കഴിവ് ഉറപ്പ് വരുത്തും.
- ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തുക. ശാസ്ത്ര മനോഭാവം ഉണ്ടാക്കുക.
- സയൻസ് ക്ലബ് പ്രവർത്തനങ്ങൾ ശാസത്രോപകരണ നിർമ്മാണം ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ, ലഘു പ്രോജക്ടുകൾ, ലഘു പരീക്ഷണങ്ങളുടെ അവതരണം, റിപ്പോർട്ട് അവതരണം, ദിനാചരണങ്ങൾ കുട്ടികൾ ഏറ്റെടുത്ത് നടപ്പിലാക്കൽ, കേട്ട് പഠിക്കുന്നതിലുപരി കുട്ടിക്ക് നേരനുഭവത്തിലൂടെ ശാസ്ത്രപഠനം ആസ്വാദ്യമാക്കൽ.
- സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക. ലഹരിമുക്ത കേരളം സാക്ഷാത്കരിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ സ്കൂൾ തലത്തിൽ നടത്തുന്നു.
- ജനാധിപത്യ സാംസ്കാരിക മൂല്യങ്ങൾ വളർത്തിയെടുക്കുക, അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പുവരുത്തുക, ഗണിതം ജീവിതവുമായി ബന്ധപ്പെടുത്തുക, ഗണിത കളികളിലൂടെ ഗണിത പഠനം ഉല്ലാസകരമാക്കുക, നിർമ്മാണ കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക, എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പ് വരുത്തുക, സൂംബാ പരിശീലനം, വിദ്യാലയ പരിസരം മാലിന്യമുക്തമാക്കുക,വീട്ടിലൊരു പച്ചക്കറി, ജൈവവൈവിധ്യ ഉദ്യാനം

സ്കൂളിൽ നിർമ്മിക്കൽ, പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടി കൾക്ക് മറ്റെല്ലാ കുട്ടികൾക്കും ലഭ്യമാകുന്ന പരിഗണന ഉറപ്പാക്കുക.

## കൈവരിച്ച അക്കാദമിക നേട്ടങ്ങൾ

ഈ സ്കൂളിൽ നിന്ന് പഠിച്ചിറങ്ങി ഉപരിപഠനത്തിനായി പോയ കുട്ടികൾ മികച്ച പഠനം കാഴ്ചവയ്ക്കുന്നു. പഠനബോധന പ്രക്രിയകൾ ഫലപ്രദവും മനോഹരവുമാക്കാൻ സാധിച്ചു. കുട്ടികൾക്ക് പാഠഭാഗങ്ങൾ നേരിട്ടനുഭവിച്ച റിയാൻ സാധിച്ചു. ഓരോ ക്ലാസിനെയും സമഗ്ര വികസനത്തിലെത്തിക്കാൻ കഴിഞ്ഞു. എസ്.ആർ.ജി, പി.റ്റി.എ, എം.പി.റ്റി.എ, എസ്.എസ്.ജി ക്ലബു പ്രവർ ത്തനങ്ങൾ ലൈബ്രറി ഇവയുടെ പ്രവർത്തനങ്ങൾ സുഗമമായി നടത്താൻ കഴിഞ്ഞു. കമ്പ്യൂട്ടർ വഴിയുള്ള പഠനം, സയൻസ് ലാബ്, ഗണിത ലാബ്, ദിനാചരണങ്ങൾ എന്നിവ സമഗ്രമായ പഠനത്തിനു സഹായിച്ചു. ശാസ്ത്രമേ ള, പ്രവൃത്തി പരിചയമേള, കായികമേള, കലാമേള എന്നീ ഇനങ്ങളിൽ മികച്ച നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. പടവുകൾ എന്ന പേരിൽ പഠന പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻപന്തിയിലെത്തിക്കുന്നതിനു വേണ്ടി നടപ്പിലാക്കിയ പിന്തുണ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ നടന്നു കൊണ്ടി രിക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ കുട്ടികളിൽ പ്രകടമായ മാറ്റങ്ങൾ കണ്ടു വരുന്നുണ്ട്.

## വിദ്യാലയം – മികവിന്റെ കേന്ദ്രം

പൊതു വിദ്യാലയങ്ങളിൽ സമഗ്ര ഗുണമേൻമ വിദ്യാഭ്യാസം ഉറപ്പു വരുത്തുക എന്ന ഉദ്ദേശ്യത്തോടുകൂടി നിരവധി പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നടത്തി വരുന്നു. ഇതിന്റെ ചുവടുപിടിച്ച് ഇടമുളയ്ക്കൽ പാലമുക്ക് എം.എസ്.സി.എൽ.പി.എസ് ഉം ദീർഘകാലാടിസ്ഥാനത്തിലും ഹ്രസ്വകാലാടിസ്ഥാനത്തിലും നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. അക്കാദമികവും അക്കാദമികേതരവും ഭൗതികവും സാമൂഹികവുമായ മാറ്റങ്ങളിലൂടെ സ്കൂളിനെ സമഗ്ര ഗുണമേൻമ വിദ്യാഭ്യാസം ഉറപ്പുവരുത്താനുള്ള പ്രവർത്തനങ്ങൾ 2030 തോടുകൂടി നടപ്പാക്കും എന്നതാണ് നമ്മുടെ ലക്ഷ്യം.

## ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ

അക്കാദമിക പ്രവർത്തനങ്ങൾക്കാണ് ഈ മേഖലയിൽ നാം ഊന്നൽ നൽകുന്നത്. മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാനുള്ള കഴിവ് കുട്ടി നേടുന്നു എന്ന് ഉറപ്പു വരുത്തുന്നതോടൊപ്പം ഗണിത ക്രിയകൾ കുട്ടി നേടേണ്ടതാണ്.

ശാസ്ത്രാവബോധം വളർത്തുന്നതിനായി ശാസ്ത്ര ലാബ് നിർമ്മാണം, സയൻസ് ജേർണലുകൾ പരിചയപ്പെടുത്തുകയും ചെയ്യുന്നു. ഇക്കോ ക്ലബ്ബ്, ഗണിത ക്ലബ്ബ്, ഇംഗ്ലീഷ് ക്ലബ്ബ്, വിദ്യാരംഗം, കലാകായികം തുടങ്ങി നിരവധി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കുട്ടികൾ നടത്തി വരുന്നു. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ കുട്ടികളെ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രാപ്തരാക്കുന്നതിനും ജനാധിപത്യ സംസ്കാരം വളർത്തിയെടുക്കുന്നതും വഴി സ്കൂളിന്റെ സമഗ്ര വികസനം ഉറപ്പുവരുത്തുന്നു. കൂടാതെ കുട്ടികളുടെ

കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുകയും വിദ്യാലയ പരിസരം മാലിന്യമുക്തമാക്കുന്നതിനും അതിന്റെ ഭാഗമായി ബിന്നുകൾ പ്രയോജനപ്പെടുത്തുന്നു. എല്ലാ മാസവും മൂന്നാമത്തെ വെള്ളി ഡ്രൈ ഡേ ആചരിക്കുന്നു. പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് മറ്റെല്ലാ കുട്ടികൾക്കും ലഭിക്കുന്ന പരിഗണന ഉറപ്പാക്കുന്നു.

## ദീർഘകാലാടിസ്ഥാനത്തിലുള്ളവ

2030 ആകുമ്പോഴേക്കും മികച്ച അക്കാദമിക പ്രവർത്തനങ്ങൾക്കുള്ള മികച്ച സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. കുട്ടികളുടെ എണ്ണം കൂടുന്നതിനനുസരിച്ച് ക്ലാസ്മുറികളുടെ എണ്ണം കൂട്ടേണ്ടതാണ്. അതുപോലെ റീഡിംഗ്റൂം, ലൈബ്രറി, കമ്പ്യൂട്ടർ ലാബ്, സ്മാർട്ട് ക്ലാസ്റൂം എന്നിവയും ജൈവ വൈവിധ്യ ഉദ്യാനം, കുട്ടികളുടെ പാർക്ക്, സ്കൂൾ വാഹനം, ആകർഷകമായ ക്ലാസ്റൂമുകൾ, ഡൈനിംഗ്റൂം എന്നിവയും ഉണ്ടാക്കേണ്ടതുണ്ട്.

## മികവിനായി ഏറ്റെടുക്കേണ്ട മറ്റ് പ്രവർത്തനങ്ങൾ

| | | |
|---|---|---|
| ഒറ്റനോട്ടത്തിൽ | - | വിദ്യാലയം സമഗ്ര ഗുണമേൻമയിലൂന്നിയ മികവിന്റെ കേന്ദ്രം - വിഷൻ |
| മേഖല | - | അക്കാദമിക |
| ഉപമേഖല | - | ഭാഷാ പഠനം |

ലക്ഷ്യങ്ങൾ

- ❖ എല്ലാ കുട്ടികളും അർഥപൂർണമായി വായിക്കുകയും എഴുതുകയും ചെയ്യുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക.
- ❖ ഭാഷാ വികസനത്തിന് ആധുനിക സാങ്കേതിക വിദ്യ.
- ❖ പടവുകൾ - പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തി ക്കാനുള്ള പഠന പിന്തുണാ പ്രവർത്തനങ്ങൾ.

## നടത്തുന്ന പ്രവർത്തനങ്ങൾ

എല്ലാ കുട്ടികൾക്കും വായിക്കാനുള്ള കഴിവ് വികസിപ്പിക്കൽ. ഇതിനായി വായനാ സാമഗ്രികൾ നൽകൽ. പത്രം ദിവസവും വ്യക്തിഗതമായും ഗ്രൂപ്പായും വായിക്കൽ. ലൈബ്രറി പുസ്തകം നൽകി വായനാകുറിപ്പ് തയ്യാറാ ക്കൽ, അവതരിപ്പിക്കൽ. കുട്ടികളുടെ ആകാശവാണി (ഉച്ച വാർത്ത) തയ്യാ റാക്കി അവതരിപ്പിക്കൽ). പഠനം പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം.

## ഭാഷാ വികസനത്തിന് ആധുനിക സാങ്കേതിക വിദ്യ

സ്കൂളിലെ മുഴുവൻ കുട്ടികളെയും ICT പരിശീലിപ്പിക്കൽ, ICT സാധ്യത ക്ലാസ്റൂമിൽ പ്രയോജനപ്പെടുത്തി പഠനത്തോടുള്ള താല്പര്യം കുട്ടികളിൽ വളർത്തുക. ചുമതല - ക്ലാസ് ടീച്ചർ.

## ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം

## ലക്ഷ്യം

1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷാ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള കഴിവ്

## നടത്തുന്ന പ്രവർത്തനങ്ങൾ

പ്രീടെസ്റ്റ് നടത്തി നിലവാരം കണ്ടുപിടിക്കൽ, ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷിലുള്ള അസംബ്ലി പ്രാർത്ഥന, പ്രതിജ്ഞ, വാർത്താ വായന നടത്തൽ. 1 മുതൽ 4 വരെ ക്ലാസുകളിലേക്കുള്ള ഡിക്ഷ്ണറി നിർമ്മാണം. ആഴ്ചയിൽ ഒരു ദിവസം Spoken English, Making Sentence, Spelling Champion നെ കണ്ടെത്തൽ എന്നീ പ്രവർത്തനങ്ങൾ നടത്തുന്നു. E-Qube പരിശീലനം, ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനങ്ങൾ Language Game നടത്തി വരുന്നു.

## ഉപമേഖല – ഗണിതം

## ലക്ഷ്യം

അടിസ്ഥാന ഗണിത ക്രിയകൾ (ചതുഷ് ക്രിയകൾ സ്കൂളിലെ എല്ലാ കുട്ടികളെയും പഠിപ്പിക്കൽ) പ്രായോഗിക പ്രശ്ന പരിഹരണ ശേഷി വളർത്തൽ ഗണിത മാസിക തയ്യാറാക്കൽ പ്പെടു ന്നു. ഗണിത സഞ്ചി അതിനുള്ളിലെ പഠനോല്പന്നങ്ങൾ തയ്യാറാക്കി നിർമ്മാണ പ്രവർത്തനങ്ങളിലേർപ്പെടുന്നു.

## ഉപമേഖല – ഐ.സി.ടി സാധ്യത

കമ്പ്യൂട്ടർ, ഇന്റർനെറ്റ് തുടങ്ങിയ ഐ.സി.ടി സാധ്യതകൾ കൂടുതലായി ഉപയോഗിക്കുക. കളിപ്പെട്ടി പരിശീലനം.

## ഉപമേഖല – ആരോഗ്യ കായിക വിദ്യാഭ്യാസം

**ലക്ഷ്യങ്ങൾ**: ആരോഗ്യ ശീലങ്ങൾ വളർത്തുക, കായികാരോഗ്യ ക്ഷമത വളർത്തുക, സൂംബാ പരിശീലനം, ലഹരി വിരുദ്ധ ക്യാമ്പയിൻ, ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കൽ.

## പ്രവർത്തനം

ആരോഗ്യ പ്രവർത്തകരെ കൊണ്ട് സ്കൂൾ ആരോഗ്യ പഠന ക്ലാസുകൾ നടത്തുക. ആരോഗ്യ പ്രവർത്തകർ കുട്ടികളുടെ ആരോഗ്യ സർവ്വേ നടത്തുന്നു.

## ഉപമേഖല – പിന്നോക്കവസ്ഥയിലുള്ള കുട്ടികളെ പരിഗണിക്കൽ

പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനായി നിരവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യലും നടപ്പിലാക്കലും.

## ചുമതല

ക്ലാസ്സ് ടീച്ചർ

## മേഖല – അനുയോജ്യവും ആകർഷകവുമായ ഭൗതീക സൗകര്യം ഒരുക്കൽ

## ലക്ഷ്യങ്ങൾ

സുന്ദരവും സുരക്ഷിതവുമായ ഭൗതികാന്തരീക്ഷം സൃഷ്ടിക്കൽ
സമൂഹത്തിന്റെ മാറിവരുന്ന സൗന്ദര്യബോധം പ്രതിഫലിക്കുന്ന കെട്ടിടങ്ങൾ
ജൈവ വൈവിധ്യ ഉദ്യാനം ഒരുക്കൽ
ആകർഷകമായ ക്ലാസ്റൂമുകൾ

ഉപമേഖല –

1. ഹരിത പരിസരം
    - ജൈവവൈവിധ്യ പാർക്ക്
    - ജൈവ പച്ചക്കറിത്തോട്ടം
    - ഔഷധ സസ്യത്തോട്ടം
    - ശാസ്ത്ര ക്വിസ്, ശാസ്ത്ര ക്ലബ്ബ്, ഇക്കോ ക്ലബ്ബ്, ശുചിത്വ മിഷൻ പ്രവർത്തനങ്ങൾ

2. സൗന്ദര്യ വത്കരണം
    - പൂന്തോട്ടം
    - കുട്ടികളുടെ പാർക്ക്
    - പുതിയ കെട്ടിടം നിർമ്മിക്കൽ

3. ഭൗതിക സൗകര്യങ്ങൾ
    - സ്ഥല സൗകര്യമുള്ള ക്ലാസ്മുറികൾ
    - അടുക്കള, ഡൈനിംഗ് ഹാൾ

- ലൈബ്രറി, റീഡിംഗ്റൂം
- സ്മാർട്ട് ക്ലാസ്റൂം
- സ്കൂൾ വാഹനം

## അക്കാദമിക മാസ്റ്റർ പ്ലാൻ

### ലക്ഷ്യങ്ങൾ - മേഖല - മലയാളം

1. മലയാള ഭാഷാശേഷികൾ, സവിശേഷ വൈഭവങ്ങളുള്ള കുട്ടികളെ അതിന്റെ പൂർണതയിലെത്തിക്കുക.
2. കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ മലയാള ഭാഷാ പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
3. ശരിയായ ഉച്ചാരണത്തോടെ മലയാള ഭാഷ സംസാരിക്കാനും കേട്ട് മന സിലാക്കാനുമുള്ള കഴിവ് വികസിപ്പിക്കുക.
4. മികച്ച വായനാശീലം മലയാള ഭാഷയിൽ വികസിപ്പിക്കുക.
5. മലയാള ഭാഷാ പഠനശേഷി വികസിപ്പിക്കുക.
6. മലയാള ഭാഷാ വ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനും ആവിഷ്ക രിക്കാനുമുള്ള ശേഷി വികസിപ്പിക്കുക, ചിഹ്നങ്ങൾ ഉറപ്പിക്കൽ.

| Sl No | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തികം | സ്രോതസ്സ് | പിന്തുണ സംവിധാനം | മേൽനോട്ടം |
|---|---|---|---|---|---|---|---|---|---|
| 1 | ഭാഷപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ<br><br>**<u>മികവിന്റെ വഴിയിൽ</u>**<br>പ്രീടെസ്റ്റ്, അക്ഷരം ഉറപ്പിക്കൽ, അക്ഷര കാർഡ് നിർമ്മിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ, ക്രമം തെറ്റിയ വാക്കുകൾ ചേർത്ത് വാക്യംഎഴുതൽ, ഒരു അപൂർണ വാക്യം പൂരിപ്പിച്ച് പൂർത്തിയാക്കൽ, ഒരു നിശ്ചിത പദം വാക്യത്തിൽ പ്രയോഗിച്ച് എഴുതൽ, വാക്കുകൾ എഴുതിയ കാർഡ്, ചിത്രം-കഥ പറയൽ | 1 മുതൽ 4 വരെ | ഹ്രസ്വ കാലം 3 മാസം | അധ്യാപകർ | പേപ്പർ | 2000 | പഞ്ചായത്ത്<br><br>SSA | SRG<br>SSA<br>പഞ്ചായത്ത് | PTA<br>SRG |
| 2 | **<u>വായനാ വസന്തം</u>**<br>കുട്ടിയെ മികച്ച വായനക്കാരനാക്കുക, വായനാമുറി | | മധ്യ കാലം 8 മാസം | അധ്യാപകർ | അലമാര പുസ്തകം | 50000 | BRC<br>പഞ്ചായത്ത് | SRG<br>SSA | |

| Sl No | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമ ഗ്രികൾ | സാമ്പ ത്തികം | സ്രോതസ്സ് | പിന്തുണ സംവിധാനം | മേൽനോ ട്ടം |
|---|---|---|---|---|---|---|---|---|---|
| | നിർമ്മാണം, ക്ലാസ് വായനക്കൂട്ടം<br><br>**<u>ക്ലാസ് ലൈബ്രറി നിർമ്മാണം</u>**<br>ഓരോ ക്ലാസിലും ഓരോ ഷൽഫിൽ പുസ്തകം വയ്ക്കൽ, രജിസ്റ്ററിൽ ഒപ്പിട്ട് പുസ്തകം എടുത്തു വായിക്കൽ, അമ്മ വായന | | മധ്യ കാലം | | | | MLA ഫണ്ട്<br>PTA | PTA<br>പഞ്ചായത്ത് | PTA<br>SRG |
| 3 | **<u>കുട്ടിയെ മികച്ച എഴു ത്തുകാരനാക്കുക</u>**<br><br>**<u>എഴുത്തുത്സവം</u>**<br><br>എഴുത്തുകൂട്ടം രൂപീ കരണം, പുസ്തക ചർച്ച, വായനകുറിപ്പ് തയ്യാറാക്കൽ, പതിപ്പ്, ചുവർ പത്രിക, ആശം സാകാർഡ് തയ്യാറാ ക്കൽ മാസത്തിലൊരി ക്കൽ ഓരോ കുട്ടി യെയും കഥ-കവിത | ദീർഘ കാലം | ദീർഘ കാലം 1മുതൽ 4 വർഷം | അധ്യാപ കര് | പേപ്പർ ചാർട്ട് | 75000 | സന്നദ്ധ സംഘടന കൾ<br>PTA<br>SSA | SRG<br>SSG<br>PTA | PTA<br>SRG |

| Sl No | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമ ഗ്രികൾ | സാമ്പ ത്തികം | സ്രോതസ്സ് | പിന്തുണ സംവിധാനം | മേൽനോ ട്ടം |
|---|---|---|---|---|---|---|---|---|---|
| | ചിത്ര രചനകൾ, എഴു തിക്കൽ, മെച്ചപ്പെടു ത്തൽ, ഓരോ കുട്ടിയും രചനകൾ മാറ്റിയെഴുതൽ മെച്ച പ്പെടുത്തൽ. മാർച്ച് മാസത്തിൽപുസ്തകം ആക്കൽ<br>ബാലസഭ കൂടൽ<br>ഭാഷാ പ്രോജക്ട്<br>പത്രവായന | | | | | | | | |

# ENGLISH

**Objectives/aim:-**

1. Enable to develop the communication skill in all students.
2. Enable to read, write and speak English.
3. Enable the students to enjoy the rhymes and stories.
4. Enable the students to read the lesson fluency.
5. Enable the students to read the sentence with proper pronounciation.
6. Ensure to acquire the learning outcomes in each class.

| Sl No | Activity | Class | Time Duration Period | Supporters | Things | Finance | Source | Supporters | Guidance |
|---|---|---|---|---|---|---|---|---|---|
| 1 | **<u>Making Sentences</u>**<br><br>Making a meaningful sentence to arrange from jumbled words in a sentence.<br><br>Make a complete sentence by fill up in an incomplete sentence.<br><br>Make a meaningful sentence by using an instructed words. | 1-4 | Short term<br>3 months | Teachers | Paper<br>Chart | 3000 | SSA<br>PTA<br>Voluntary Service Society | SRG<br>SSG<br>PTA<br>Panchayat | PTA<br>SRG |
| 2 | **<u>Reading Test</u>**<br><br>English News paper reading a day in a week in school assembly | | 8th month<br>Mid term | Teacher | English news paper | 2500 | SSA | SRG<br>SSA<br>PTA | SRG |
| 3 | • Who is the spelling champion?<br>• Selectionwords throughSRG | 1-4 | 1 year<br>1-5 | Teachers | Paper<br>Chart | 1000 | SSA | SRG<br>SSA<br>PTA | |

| Sl No | Activity | Class | Time Duration Period | Supporters | Things | Finance | Source | Supporters | Guidance |
|---|---|---|---|---|---|---|---|---|---|
| | Dictation.<br>• Writing in ones a month, there will be class selection in every month | | | | | | | Panchayat | PTA<br>SRG |

# മേഖല പരിസരപഠനം

**ലക്ഷ്യങ്ങൾ**

- ❖ നിരീക്ഷണ പരീക്ഷണങ്ങളിലൂടെ കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തൽ.
- ❖ ആസ്വാദ്യകരവും രസപ്രദവും ജിജ്ഞാസ ഉളവാക്കുന്നതുമായ രീതിയിൽ ശാസ്ത്രപഠനം നടത്തുന്നു.
- ❖ ചുറ്റുപാടുമുള്ള മാറ്റങ്ങളെ ലളിതമായ പരീക്ഷണങ്ങളിലൂടെ അനുഭവമാക്കിയും ശാസ്ത്രപഠനത്തിന്റെ ലാളിത്യം ഉചിതമായ തന്ത്രങ്ങളിലൂടെ ബോധ്യപ്പെടുത്തിയും നിരീക്ഷണത്തിലൂടെയും തരംതിരിക്കലിനും നിഗമനം രൂപീകരിക്കുന്നതിലുമൊക്കെയുള്ള ശേഷികൾ വികസിപ്പിക്കുന്നു.
- ❖ പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുവാനുള്ള മനോഭാവം വളർത്തൽ.
- ❖ പരിസര ശുചിത്വത്തിന്റെ ആവശ്യകതയെ കുറിച്ച് അവബോധം വളർത്തുക.
- ❖ എല്ലാ സ്കൂൾ അസംബ്ലിയിലും കുറഞ്ഞത് ഒരു ലഘുപരീക്ഷണം. ഈ അധ്യയന വർഷത്തിൽ കുറഞ്ഞത് 100 പരീക്ഷണം നടത്തുക.

| Sl No | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തികം | സ്രോതസ്സ് | പിന്തുണ സംവിധാനം | മേൽനോട്ടം |
|---|---|---|---|---|---|---|---|---|---|
| 1 | **ശാസ്ത്ര ക്വിസ്**<br><br>ഓരോ ദിവസവും അസംബ്ലിയിൽ ശാസ്ത്ര സംബന്ധമായ ഉത്തരം വരുന്ന ശാസ്ത്ര ക്വിസ് 10 എണ്ണം വീതം തയ്യാറാക്കി അവതരണം. ഫള്ക്സ് ബോർഡിൽ ചോദ്യങ്ങൾ എഴുതി പേപ്പർ ഉറപ്പിക്കൽ എല്ലാ ക്ലാസിനും എഴുതിയെടുക്കാൻ അവസരം നൽകൽ | 1–4 | ഹ്രസ്വ കാലം<br><br>3 മാസം | അധ്യാപകർ | പേപ്പർ ശാസ്ത്ര പൊതു വിജ്ഞാന പുസ്തകം ഫള്കസ് ബോർഡ്, മൊട്ടു സൂചി | 5000 | SSA പഞ്ചായത്ത് സന്നദ്ധ സംഘടനകൾ | SSG PTA | SSG PTA അധ്യാപകർ |
| 2 | **ശാസ്ത്ര പതിപ്പു നിർമ്മാണം**<br><br>ഓരോ ക്ലാസിലും ഓരോ യൂണിറ്റുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനമായ ചിത്രം, വിവരണം, കുറിപ്പുകൾ, ചോദ്യാവലികൾഇവ ചേർത്ത് ഓരോ മാസവും | | 9 മാസം മധ്യ കാലം | അധ്യാപകർ | പേപ്പർ യൂറീക്കാ പുസ്തകം ദിനപത്രം ചാർട്ട് | 3000 | സന്നദ്ധ സംഘടനകൾ | SSG PTA പഞ്ചായത്ത് | SSG PTA |

| Sl No | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തികം | സ്രോതസ്സ് | പിന്തുണ സംവിധാനം | മേൽനോട്ടം |
|---|---|---|---|---|---|---|---|---|---|
| | ശേഖരിക്കുന്നവ ചേർത്ത്മാർച്ചിൽ ഒരു പുസ്തകമാക്കുന്നു. | | | | | | | | |
| 3 | **<u>ജൈവ വൈവിധ്യ പ്പാർക്ക് നിർമ്മാണം</u>**<br><br>തൈ, വിത്ത്, കിഴങ്ങ് ശേഖരണം, നടീൽ, പരിപാലനം, ഉള്ളവസംരക്ഷിക്കൽ, പേരെഴുതി ഒട്ടിക്കൽ, സസ്യശാസ്ത്ര പഠന വുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾക്കാ വശ്യമായ പാഠ്യപ ദ്ധതി സൂചിപ്പിക്കുന്ന മുഴുവൻ സസ്യ ങ്ങളും സ്കൂൾ കോമ്പൗണ്ടിൽ വച്ചു പിടിപ്പിക്കൽ. | 1-4 | 1വർഷം | SRG<br>PTA | തൈകൾ, കമ്പുകൾ വിത്തുകൾ പണിയാധു ങ്ങൾ, പ്ലാസ്റ്റിക്, ചരട്, കമ്പി | 200000 സ്പോൺസർ ഷിപ്പ് | പഞ്ചായത്ത്<br>MLA Fund<br>BRC | PTA<br>പഞ്ചായത്ത്<br>SSG<br>SSA<br><br>BRC | PTA<br>അധ്യാപകർ<br>SSA |

# മേഖല–ഗണിതം

**ലക്ഷ്യങ്ങൾ**

1. എല്ലാ കുട്ടികൾക്കും ഗണിതബോധം വളർത്തിയെടുക്കുക.
2. സംഖ്യകൾ തരംതിരിക്കൽ, നിത്യജീവിതത്തിനാവശ്യമായ അടിസ്ഥാനഗണിതം അറിയാൻ പ്രാപ്തരാക്കുക.
3. ചതുഷ്ക്രിയകളിൽ അറിവുണ്ടാക്കുക.
4. Mental Maths ചെയ്യാനുള്ള കഴിവ് വളർത്തിയെടുക്കുക.
5. അബാക്കസ് പരിശീലനത്തിലൂടെ ഗണിതശേഷി, ഏകാഗ്രത എന്നിവ വർദ്ധിപ്പിക്കുന്നതിന്
6. ഗണിത കേളികളിലൂടെ ഗണിത പഠനത്തോടുള്ള താല്പര്യം വർദ്ധിപ്പിക്കുന്നു.
7. ഗണിതസഞ്ചി, ഗണിതപഠനോപകരണങ്ങളുടെ നിർമ്മാണം.

| Sl No | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തികം | സ്രോതസ്സ് | പിന്തുണ സംവിധാനം | മേൽനോട്ടം |
|---|---|---|---|---|---|---|---|---|---|
| 1 | **ചതുഷ്ക്രിയകൾ ഉറപ്പിക്കൽ**<br><br>അബാക്കസ് ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉറപ്പിക്കൽ. സങ്കലന പട്ടിക ഗുണനപട്ടിക ഇവ ഉപയോഗിച്ച് ചതുഷ്ക്രിയകൾ ഉറപ്പിക്കൽ സംഖ്യാകാർഡ് ഉപയോഗിച്ചുള്ള കളികളിലൂടെ ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | 1-4 | ഹ്രസ്വ കാലം 3 മാസം | അധ്യാപകർ | പേപ്പർ സംഖ്യാ കാർഡ് ചാർട്ട് മാർക്കർ | 3000 | SSA PTA പഞ്ചായത്ത് | SSG PTA പഞ്ചായത്ത് | BRC PTA SRG |
| 2 | **പ്രശ്ന പരിഹാര ശേഷി**<br><br>ഓരോ ക്ലാസിലും ഓരോ യൂണിറ്റിലുള്ളതും ബന്ധപ്പെട്ടതുമായ പ്രായോഗിക പ്രശ്നം ചുവർ ബോർഡിലോ, ചാർട്ടിലോ ആഴ്ചയിലൊരിക്കൽ വീതം എഴുതിയിടൽ, കുട്ടികൾക്ക് സ്വയം | 1-4 | മധ്യ കാലം 8മാസം | അധ്യാപകർ | പേപ്പർ ചാർട്ട് മാർക്കർ ചുവർ ബോർഡ് | 2500 | SSG PTA പഞ്ചായത്ത് | SSG PTA പഞ്ചായത്ത് | BRC PTA SRG |

| Sl No | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തികം | സ്രോതസ്സ് | പിന്തുണ സംവിധാനം | മേൽനോട്ടം |
|---|---|---|---|---|---|---|---|---|---|
| | ചെയ്യാൻ അവസരം നൽകൽ, പേപ്പറിൽ എഴുതാൻ, മെച്ചപ്പെടുത്തൽ, ബുക്കാക്കൽ | | | | | | | | |
| 3 | **ഗണിതമാസിക തയ്യാറാക്കൽ**<br><br>ഗണിതവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും (അതാത് യൂണിറ്റിലുള്ളത്). പേപ്പറിൽ എഴുതുന്നു. ഓരോ യൂണിറ്റ് തീരുമ്പോൾ ശേഖരിക്കുന്നു. മെച്ചപ്പെടുത്തുന്നു. മാർച്ചിൽ പുസ്തകമാക്കുന്നു. | 1-4 | ദീർഘ കാലം 1-5 മാസം | അധ്യാപകർ | പേപ്പർ ചാർട്ട് മാർക്കർ പേന | 2000 | SSA | SSG PTA പഞ്ചായത്ത് | BRC PTA SRG |
| 4 | **അബാക്കസ് പരിശീലനം**<br>ഗണിതപഠനത്തിൽ കൂടുതൽ താല്പര്യം, ഏകാഗ്രത എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള പരീക്ഷണം | 2-4 | ദീർഘ കാലം | അധ്യാപിക | അബാക്കസ് ടൂൾ | 4000 | PTA SRG | PTA SRG | PTA SRG |

| Sl No | പ്രവർത്തനങ്ങൾ | ക്ലാസ് | കാലം | ചുമതല | സാമഗ്രികൾ | സാമ്പത്തികം | സ്രോതസ്സ് | പിന്തുണ സംവിധാനം | മേൽനോട്ടം |
|---|---|---|---|---|---|---|---|---|---|
| | നൽകുന്നു. | | | | | | | | |
| 5 | <u>**ഗണിത സഞ്ചി നിർമ്മാണം**</u><br><br>ഗണിതവുമായി ബന്ധപ്പെട്ട് പഠനോപകരണങ്ങൾ നിർമ്മിച്ച് ഗണിത സഞ്ചിയിൽ നിക്ഷേപിച്ച് ക്ലാസ് തല പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു. | 1–4 | ദീർഘ കാലം | അധ്യാപകർ | പേപ്പർ<br>ചാർട്ട്<br>കളിനോട്ട്<br>സംഖ്യ കാർഡ്<br>മുത്ത്<br>പുളിയരി<br>മഞ്ചാടി<br>കമ്പ്കെട്ടുകൾ | | PTA<br>SRG | PTA<br>SRG | PTA<br>SRG |

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

1. പ്രൈമറി ക്ലാസിലെ എല്ലാ കുട്ടികളും എഴുതാനും വായിക്കാനും പഠിക്കൽ
2. ഇംഗ്ലീഷ് ആശയ വിനിമയം സങ്കോചം കൂടാതെ നടത്തൽ
3. ഗണിതക്രിയകൾ (ചതുഷ് ക്രിയകൾ) ഉറപ്പാക്കൽ
4. ഓരോ കുട്ടിയും ഓരോ ശാസ്ത്രജ്ഞനായി മാറൽ
5. സമൂഹത്തിലെ മാറ്റങ്ങളെ ഉൾക്കൊള്ളാനുള്ള കഴിവുണ്ടാക്കൽ
6. വ്യായാമം, യോഗ ഇവ പരിശിലിപ്പിച്ച് ആരോഗ്യ കായിക ക്ഷമത ഉണ്ടാക്കൽ
7. വിവര സാങ്കേതിക വിദ്യയിൽ അവഗാഹം നേടൽ
8. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾ മുഖ്യധാരയിൽ എത്തൽ.

## മോണിട്ടറിംഗ് രീതി

വാർഡ് മെമ്പർ കൺവീനറായ ഒരു ഗ്രൂപ്പാണ് ഈ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. ഇതിന് സ്കൂളിലെ മുഴുവൻ ജീവനക്കാരും പി.റ്റി.എ യെയും പൂർവ്വ വിദ്യാർത്ഥികളും പ്രവർത്തിക്കുന്നു. പഞ്ചായത്ത് , ബി.ആർ.സി, എ.ഇ.ഒ എന്നിവരും ഇതിൽ പങ്കളികളാണ്.

# പരിമിതികൾ

സാമ്പത്തിക പരിമിതി

ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ കുറവ്

സ്കൂൾ വാഹന സൗകര്യമില്ലായമ

സ്മാർട്ട് ക്ലാസ്റൂമിന്റെ അപര്യാപ്ത